ഗംഗാധരൻ നായരുടെ മരണം

175. [244] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മുക്കം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള നീലേശ്വരം വില്ലേജിൽ പൂളപ്പൊയിൽ താമസിച്ചിരുന്ന ഗംഗാധരൻ നായരുടെ മൃതശരീരം ഏതാനും മാസങ്ങൾക്ക് മുൻപ് താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ ഒരു കിണറിൽ കണ്ടെത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കൊലപാതകം സംബന്ധിച്ച് ഇതുവരെയായി തുമ്പുണ്ടാക്കുവാൻ സാധിച്ചിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) അടിയന്തിരമായ അന്വേഷണം നടത്താൻ ഉത്തരമേഖലാ ഡി. ഐ. ജി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രേമദാസന്റെ സംശയകരമായ മരണം

176. [245] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കാരത്തൂരിൽ താമസക്കാരനായിരുന്ന 'പ്രേമദാസൻ, കുഴിംപാട്ടിൽ' എന്ന ആളുടെ മൃതശരീരം 1985 ഡിസംബർ മാസത്തിൽ കാണപ്പെടുകയുണ്ടായോ ;

(ബി) ഈ മരണം സംശയകരമാണോ ;

(സി) ഈ കേസ്സിനു തുമ്പുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും ആവലാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ടായി.

(ബി, സി) ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരികയാണ്.

(ഡി, ഇ) പ്രേമദാസന്റെ മരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ മുഖാന്തിരം കിട്ടിയ പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് ഇൻസ്പെക്ടർ ജനറലിനു അയച്ചുകൊടുത്തിരിക്കയാണ്.

നാസറുദ്ദീന്റെ കൊലപാതകം

177. [246] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ ചികിൽസയിലായിരുന്ന നാസറുദ്ദീനെന്ന യുവാവിനെ ആശുപത്രി ജീവനക്കാരും മറ്റും ചേർന്ന് ക്രൂരമായ വിധത്തിൽ മർദ്ദിച്ച് കൊലപ്പെടുത്തിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly